വീടുകൾ റിപ്പെയർ ചെയ്യുന്നതിനും മറ്റും ൩൦,൦൦൦ രൂപ ഗവണ്മെണ്ടു ചിലവുചെയ്യാൻ നിശ്ചയിച്ചു. അതിൽ ൧൪,൦൦൦ രൂപ ചിലവുചെയ്തു കഴിഞ്ഞു. ഇക്കൊല്ലവും ൧൪,൦൦൦ രൂപ ചിലവുചെയ്യുന്നുണ്ടു്. ഗവണ്മെണ്ടു് ഇതിനൊരു പദ്ധതി സ്വീകരിച്ചിട്ടുണ്ടു്. ഗവണ്മെണ്ടിനെത്തന്നെ ആശ്രയിച്ചു നില്ക്കുന്ന സമ്പ്രദായത്തെ പ്രോത്സാഹിപ്പിച്ചാൽ അധഃകൃതരുടെ സ്വയംസഹായവാസന കെട്ടുപോകാൻ ഇടയുള്ളതുകൊണ്ടു് വീടുകൾ നന്നാക്കുന്നതിനു സ്വയം പരിശ്രമിക്കുന്നവർക്കു സഹായം നൽകുന്ന ഒരു നയമാണു് ഗവണ്മെണ്ടു സ്വീകരിച്ചിട്ടുള്ളതു്. പുതുതായി വീടു കെട്ടുന്നതിനുവേണ്ടി സഹായം ചെയ്യാൻ ഗവണ്മെണ്ടു കഴിഞ്ഞ കൊല്ലത്തിൽ ൧,൦൦൦ രൂപ നീക്കിവെച്ചതു് ഇക്കൊല്ലത്തിൽ ൩,൦൦൦ രൂപയാക്കീട്ടുണ്ടു്.

അവസാനമായി, അധഃകൃതമർദ്ദനങ്ങളെ സംബന്ധിച്ചാണു് ഒരു വാക്കു പറയാനുള്ളതു്. അധഃകൃതമർദ്ദനങ്ങളെ സംബന്ധിച്ചു ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ വരുന്ന പരാതികളെപ്പറ്റി ഗവണ്മെണ്ടു കഴിയുന്ന നടപടികളും എടുക്കുന്നുണ്ടു്.

ഈ വകുപ്പിൽ ൧൯൫൫-ൽ ൧,൩൫,൫൦൦ രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് ൧,൩൩,൫൦൦ ആയി വർദ്ധിച്ചു. ൧൯൫൬-ൽ ൫,൦൩,൩൦൦ രൂപ വെച്ചിരിക്കുന്നു. അധഃകൃതോദ്ധാരണവേലകൾ കൊല്ലംതോറും വർദ്ധിച്ചിരിക്കുന്നു എന്നുള്ളതു ബഡ്ജറ്റിൽനിന്നുതന്നെ കാണാൻ സാധിക്കും. ബഡ്ജറ്റിൽ പലപ്രകാരത്തിലും കൂടുതൽ സംഖ്യ അനുവദിച്ചുകൊണ്ടു കൂടുതൽ വേലകൾ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു ബഡ്ജറ്റാണെന്ന സംഗതി ഈ നിയമസഭയെ ധരിപ്പിച്ചുകൊണ്ടു് ഈ ധനാഭ്യർത്ഥന അനുവദിച്ചുതരുവാൻ ഞാൻ ഈ സഭയോടു് അപേക്ഷിച്ചുകൊള്ളുന്നു.

CUT MOTION

Rao Bahadur T. K. Nayar *(Minister for Public Health):* I second it.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഓരോ കട്ടുമോഷനും ഇവിടെ അവതരിപ്പിച്ചു പ്രസംഗിച്ചു് ഈ സഭയുടെ സമയം അധികം എടുക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിനെ സംബന്ധിച്ചു പൊതുവേ ചില പ്രത്യേക കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ സമർപ്പിക്കുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. Therefore I may be allowed to speak for five or ten minutes. I do not want to move all the cut motions.

Mr. President: Yes, the Hon'ble Member may formally move one cut motion and speak.

Mr. K. K. Kannan *(Nominated):* I do not move the cut motion No. 3.

Mr. President: Take the most general one and speak.

(i) The necessity of extending the scheme for colonisation of the Depressed Classes

മിസ്റ്റർ കെ. കെ. കണ്ണൻ: ഞാൻ അവതരിപ്പിക്കുന്ന കട്ടുമോഷൻ ഇതാണു്. "To reduce the allotment of Rs. 2,04,219 for Uplift of Depressed Classes in Demand No. 37 by Re. 1 (To impress upon the Government the urgent necessity of extending the scheme for colonisation of the Depressed Classes)".

സർ, ഈ കട്ടുമോഷനിൽ പറഞ്ഞിട്ടുള്ള സംഗതിയെ സംബന്ധിച്ചു ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അധഃകൃതർക്കു കോളനികൾ ഇനിയും അത്യാവശ്യമാണെന്ന ഗവണ്മെണ്ടിനെ ബോദ്ധ്യപ്പെടുത്തുവാനാണു് ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നതു്.

റാവു സാഹിബു് കെ. അയ്യപ്പൻ: കോളനി എന്നു പറയുന്നതു ഹൌസ് സൈറ്റ് കൊടുക്കുക എന്നുള്ള അർത്ഥത്തിലാണോ പറയുന്നതു്?

മിസ്റ്റർ കെ. കെ. കണ്ണൻ: കോളനികൾ സ്ഥാപിച്ചു് അവർക്കു വീടുണ്ടാക്കിക്കൊടുക്കണം. അതിനു ഹൌസ് സൈറ്റ് കൊടുക്കുക എന്നുകൂടി അർത്ഥമാക്കാവുന്നതാണു്. അധഃകൃതർ താമസിക്കാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുന്നു എന്നുള്ള സംഗതി ഗവണ്മെണ്ടിനെ അറിയിക്കാനാണു് ഈ കട്ടുമോഷൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. എത്രയോ നാലഞ്ചുകൊല്ലത്തോളമായിട്ടുണ്ടു്, അധഃകൃതർക്കു താമസിക്കുവാൻ സ്ഥലമില്ലെന്നുള്ള പരാതി ഗവണ്മെണ്ടിനെ അറിയിച്ചുതുടങ്ങിയിട്ടു്. വളരെ അധികം ആവലാതികളും ഈ കാര്യത്തിൽ ഗവണ്മെണ്ടിനു കി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Kannan]

ട്ടിയിട്ടുണ്ടെന്നാണു് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നതു്. പത്തുപതിനൊന്നു കൊല്ലത്തിനു മുമ്പു സ്ഥാപിച്ചുകൊടുത്തിട്ടുള്ള കോളനികൾ അല്ലാതെ ഒരൊറ്റ കോളനിപോലും പിന്നീടു സ്ഥാപിക്കുകയുണ്ടായിട്ടില്ലായെന്നാണു് എന്റെ അറിവു്. തീർച്ചയായും ഗവൺമെണ്ടു് ഈ വിഷയത്തിൽ സൃഷ്ടിപരമായ ഒരു പങ്കുതി അംഗീകരിക്കേണ്ട കാലം ഏറ്റവും വൈകിയിരിക്കുന്നു എന്നു ഞാൻ ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുന്നു. മഹാരാജാവു തിരുമനസ്സിൽ നിന്നു് അടുത്ത അവസരത്തിൽ കുടികിടപ്പുകാരെ സംബന്ധിക്കുന്ന ഒരു പ്രൊക്ലമേഷൻ പുറപ്പെടുവിക്കുകയുണ്ടായി. അതിന്റെ പ്രത്യാഘാതങ്ങൾ ഈ രാജ്യത്തിലെ പാവപ്പെട്ടവർ അനുഭവിച്ചുവരുന്നുണ്ടു്.

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: എങ്ങിനെയാണതു്?

മിസ്റ്റർ കെ. കെ. കണ്ണൻ: അതുപറയാം. ഒരു പറമ്പുടമസ്ഥന്റെ സ്ഥലത്തു താമസിച്ചു കൊണ്ടിരുന്ന ഒരാളെ കുടിയിറക്കണമെന്നു് ഉടമസ്ഥൻ വിചാരിക്കുകയാണെങ്കിൽ സാധിക്കും. ഈ പ്രൊക്ലമേഷൻ വരുന്നതിനുമുമ്പു് അയാളുടെ പേരിൽ കേസുകൊടുത്തു കുടിയിറക്കാനുള്ള വിധി സമ്പാദിക്കാനുള്ള നിയമമുണ്ടു്. എന്നാൽ പ്രൊക്ലമേഷൻ വന്നതിനുശേഷം അതു തല്ക്കാലത്തേക്കു് സാദ്ധ്യമല്ലാതായിരിക്കുന്നു. അതുകാരണം ബലം പ്രയോഗിച്ചു് കുടിയിറക്കാനുള്ള പരിശ്രമം പലസ്ഥലങ്ങളിലും നടക്കുന്നുണ്ടു്. തൃശ്ശിവപേരൂരിൽ ഏലമ്മ എന്ന സ്ത്രീയുടെ പറമ്പിൽ പുരവച്ചുതാമസിച്ചിരുന്ന ഒരു അധഃകൃത സ്ത്രീയുടെ പുരപൊളിച്ചുകളഞ്ഞു് ആ പുരയിരുന്ന തറ തട്ടിനിരത്തി, പുര അവിടെയിരുന്ന യാതൊരു ലക്ഷണവും ഇല്ലാതാക്കിതീർത്തു എന്നുള്ള ഒരു റിപ്പോർട്ടു് എനിക്കു കിട്ടുകയുണ്ടായി. ഇതു് ശരിയാണെന്നാണു് ഞാൻ അറിയുന്നതു്. ഇതുപോലെ വേറെ പല സംഭവങ്ങളും ഈ പ്രൊക്ലമേഷനു ശേഷം ഉണ്ടായിട്ടുണ്ടു്. കുടികിടപ്പുകാരെ സംബന്ധിച്ചു് മഹാരാജാവു തിരുമനസ്സിലെ വിളംബരമുണ്ടായതിനു ശേഷം നിയമംമൂലം അധഃകൃതരെ കുടിയിറക്കുവാൻ സാധിക്കയില്ലെന്നു കണ്ടുകൊണ്ടു് ബലപ്രയോഗം ചെയ്തു് കുടിയിറക്കുവാനുള്ള പരിശ്രമങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടമാടുന്നുണ്ടു്. അധഃകൃതരുടെ ഈവക ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും ഒരു നിവൃത്തിയുണ്ടാകണമെങ്കിൽ തീർച്ചയായും അവർക്കു സ്വതന്ത്രമായി ജീവിക്കുവാനുള്ള സ്ഥലം സ്വന്തായി ഉണ്ടാകേണ്ടതു് അത്യാവശ്യമാണു്. മറ്റാളുടെ സ്ഥലത്തു കിടക്കുന്നതു കൊണ്ടാണു് ഈ മാതിരി കഷ്ടപ്പാടുകൾ അവർക്കു് അനുഭവിക്കേണ്ടി വരുന്നതു്. ഇന്നു പലസ്ഥലത്തും അവർ താമസിക്കുന്ന സ്ഥലത്തു് ഒരു അധഃകൃതൻ മരിച്ചാൽ ആ ശവം അവിടെ മറവുചെയ്യുന്നതിനു പോലും സാധിക്കാതെയാണു് കാണുന്നതു്. അപ്പോൾ പത്തോ പതിനഞ്ചോ സെന്റു് സ്ഥലം വീതം ഓരോ അധഃകൃതനും കിട്ടുകയാണെങ്കിൽ അവരുടെ ഈ വക ബുദ്ധിമുട്ടുകൾക്കു ഒരു പരിഹാരം കാണുവാൻ സാധിക്കും. അതുകൊണ്ടു് എനിക്കു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുവാനുള്ളതു് അധഃകൃതർക്കു കോളനികൾപോലെ അത്യാവശ്യമാണെന്നാണു്. കോളനി സമ്പ്രദായത്തിൽ പല ന്യൂനതകളും ഉണ്ടായിരിക്കാം. ചില കോളനി ജീവിതംമൂലം അധഃകൃതരുടെ സംസ്കാരത്തിനു അധഃപതനം വന്നിട്ടുണ്ടാകാം; അതല്ലെങ്കിൽ അവരുടെ സാമ്പത്തികനില വളരെ മോശമായിട്ടുണ്ടായിരിക്കാം. അതിനു കാരണം വാസ്തവത്തിൽ കോളനിസ്ഥാപിച്ചു കൊടുത്തതല്ല. അങ്ങിനെ സംഭവിച്ചിട്ടുള്ളതു് കോളനികൾ സ്ഥാപിച്ചു കൊടുത്തിട്ടുള്ളതുപോലെ കോളനിക്കാരുടെ സാമ്പത്തികവും സാംസ്കാരികവുമായ നിലനന്നാക്കുവാനുള്ള സ്ഥാപനങ്ങളൊ മറ്റോ ഇല്ലാതിരുന്നതുകൊണ്ടാണു് എന്നാണു് ഞാൻ വിശ്വസിക്കുന്നതു്. കൂടാതെ നേരത്തെ അധഃകൃതരുടെയിടയിൽ യാതൊരു സാമുദായിക സംഘടനയും ഇല്ലായിരുന്നു. അവയെ നയിച്ചു കൊണ്ടു പോകുന്നതിനു് നേതാക്കന്മാരായ ആളുകൾ ഉണ്ടായിരുന്നില്ല. ആദ്യകാലങ്ങളിൽ കോളനി ഭരണം നടത്തികൊണ്ടിരുന്ന മാനേജർമാരിൽ നിന്നുപോലും അധഃകൃതർക്കു വളരെ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നിട്ടുണ്ടു് എന്നുപറയുമ്പോൾ മറ്റാളുകളിൽ നിന്നു് എത്രത്തോളമാണു് അവർക്കു് ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുള്ളതെന്നു് പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമില്ല. അല്ലാം കോളനികൾ അധഃപതിച്ചുപോകുവാനുള്ള ഒരു കാരണമായിഎടുക്കാവുന്നതാണു്. ഈ മാതിരിയുള്ള ഒരു പരിതസ്ഥിതിയിൽ കോളനി അധഃപതിച്ചു പോയിട്ടുണ്ടെങ്കിൽ അതവരുടെ കുറ്റമല്ല. സ്ഥിതിഗതികൾ മാറിവരുന്നതോടുകൂടി സ്ഥാപിതതാല്പര്യക്കാരായ ജന്മിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും എതിർപ്പുകളും മർദ്ദനങ്ങളുമാണു് ഇന്നു് അധഃകൃതരെ നേരിട്ടിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

താമസിക്കുന്നതിന്നു് പത്തോ പതിനഞ്ചോ സെൻറ് സ്ഥലം വീതമെങ്കിലും സ്വന്തമായി അവക്കു കൊടുക്കുകയാണെങ്കിൽ മുതലാളിമാരുടേയും ജന്മിമാരുടേയും പലവിധത്തിലുള്ള അക്രമങ്ങളിൽ നിന്നും അഴിമതികളിൽ നിന്നും അവക്കു രക്ഷനേടുവാൻ സാധിക്കും എന്നു് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. എൻറെ അനുഭവം കൊണ്ടു പറയുന്ന പരമാർത്ഥങ്ങളാണു് ഇതെല്ലാം. ഇന്നും സ്വന്തം സ്ഥലത്തു കിടക്കുന്ന അധഃകൃതനേയും മറ്റാളുകളുടെ സ്ഥലത്തു കിടക്കുന്ന അധഃകൃതനേയും നോക്കുക. സ്വന്തം സ്ഥലത്തു കിടക്കുന്നവൻ തീച്ചയായും സ്വതന്ത്രനായിരിക്കും. കോളനിവച്ചുകൊടുക്കുവാൻ ഗവൺമെണ്ടിനു സാധ്യമല്ല, അതുകൊണ്ടു് വലിയനഷ്ടം ഗവൺമെണ്ടിനു വരുമെന്നുണ്ടെങ്കിൽ സ്ഥലം മാത്രം അവക്കു സ്വന്തമായി കൊടുക്കണം. അതിനുള്ള ഒരു പദ്ധതി ഗവൺമെണ്ടു് എടുക്കണമെന്നാണു് ഞാൻ ഈ ഉപക്ഷേപം മൂലം ആവശ്യപ്പെടുന്നതു്. അതിനുള്ള ഒരു പരിപാടി ഗവൺമെണ്ടു് അടുത്തുതന്നെ സ്വീകരിക്കണമെന്നാണു് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടപേക്ഷിക്കുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: മിസ്റ്റർ പ്രസിഡണ്ടു് സർ, ഈ ഉപക്ഷേപത്തെപ്പറ്റി മനസ്സറഞ്ഞുവാക്കു് സംസാരിക്കുവാൻ ഞാനും ആഗ്രഹിക്കുന്നു. മനുഷ്യർക്കു് പരാധീനതയിൽ കഴിഞ്ഞുകൂടണമെന്ന ഒരു നിലയുണ്ടെങ്കിൽ തീച്ചയായും സ്വാതന്ത്ര്യമായും മാനമായും ജീവിക്കാൻ സാധിക്കുന്നില്ലെന്നു വരുന്നതാണു്. ഈ അസ്വാതന്ത്ര്യത്തിനു പ്രധാന കാരണമായി ഞാൻ കാണുന്നതു് താമസിക്കാൻ സ്വന്തം സ്ഥലമില്ലാതെ വരികയും ആരാൻറെയും സ്ഥലത്തു കിടക്കേണ്ടിവരികയും ചെയ്യുന്നു എന്നുള്ളതാണു്. അന്യൻറെ സ്ഥലത്തു കുടികിടപ്പുകാരനായ ഒരാൾ അനുഭവിക്കേണ്ടി വരുന്ന അസ്വതന്ത്രതകളും കഷ്ടപ്പാടുകളും നിരവധിയാണു്. മുതലാളിയെ തൃപ്തിപ്പെടുത്തുവാൻ അവൻ അവൻറെ സ്വാതന്ത്ര്യത്തേയും ആത്മാഭിമാനത്തേയും നിരാകരിക്കണം. അടിമതുല്യം സ്വയം വരിക്കണം. മുതലാളിയുടെ ഇഷ്ടത്തിനു വേണ്ടിയും അവിടെനിന്നും കുടിപൊളിപ്പിച്ചയക്കാതിരിക്കാനായിട്ടും അനിതരങ്ങളായ പല പ്രവൃത്തികളും അവൻ ചെയ്യുവാൻ നിർബ്ബന്ധിതനായിത്തീരും. ഒരു പാവപ്പെട്ട കുടിയാൻ തൻറെ സ്വന്തം കായ്കനികൾക്കു വേണ്ടി പോകുന്ന അവസരത്തിൽ മുതലാളി വിളിച്ചാൽ അവൻറെ കായ്കൃം മാറ്റിവെച്ചു് മുതലാളിയുടെ കായ്ത്തിനുവേണ്ടി പോകുവാൻ മിക്കപ്പോഴും പ്രതിഫലം കൂടാതെ പോകുവാൻ അവൻ നിർബ്ബന്ധിതനായിത്തീരും. അധഃകൃതർക്കു് മാത്രമല്ല, ഇതുപോലെ അന്യൻറെ സ്ഥലത്തു് കുടികിടക്കുന്ന എല്ലാ ആളുകൾക്കും പ്രായേണ അനുഭവപ്പെടുന്ന ഒരവസ്ഥയാണിതു്. അധഃകൃതർക്കു പ്രത്യേകിച്ചു് വളരെ അധികം കഷ്ടപ്പാടുകൾ ഉണ്ടാക്കിത്തീർക്കുന്ന ഒരേർപ്പാടാണിതു്. അതുകൊണ്ടു് ഇങ്ങിനെ പരാധീനതയിൽ താമസിക്കുന്ന ആളുകൾക്കു് കോളനിവഴി സ്വതന്ത്രരായി താമസിക്കാനുള്ള സ്വന്തംസ്ഥലം ഉണ്ടാക്കികൊടുക്കുക എന്നുള്ളതു് ഏറ്റവും വലുതായിട്ടുള്ള ഒരു ആവശ്യമായിട്ടാണു് ഞാൻ കണക്കാക്കുന്നതു്. കൊച്ചി ഗവൺമെണ്ടു് ആദ്യകാലത്തു് അധഃകൃതോദ്ധാരണത്തിനു് വിദ്യാഭ്യാസ വിഷയത്തിൽ മാത്രമാണു് ശ്രദ്ധ ചെലുത്തിയിരുന്നതു്. പിന്നീടു് അവരുടെ ഉദ്ധാരണത്തിനു് അവക്കു കുടികിടപ്പിനു് സ്വന്തംസ്ഥലം കൂടി കൊടുക്കണമെന്നുകരുതി പ്രവൃത്തിച്ചതിൻറെ ഫലമായിട്ടാണു് കോളനികളുണ്ടായതു്. നിർഭാഗ്യവശാൽ പലകോളനികളും അവക്കു പ്രവർത്തിയെടുത്തു താമസിക്കുവാൻ സൌകര്യപ്പെട്ട സ്ഥലത്തല്ലാതായിപ്പോയിട്ടുണ്ടു്. കോളനികൾ അധികവും സ്ഥാപിച്ചിട്ടുള്ളതു് പല്ലുപോലും മുളക്കാത്ത മൊട്ടക്കുന്നുകളിലാണു് എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണെന്നു് പറകവഹിയാ. ഇങ്ങിനെയുള്ള കോളനികൾ കൊടുക്കുന്നതുകൊണ്ടു് അവക്കു് പറയത്തക്ക പ്രയോജനമൊന്നുമുണ്ടാകയില്ല. കോളനികൾ വർദ്ധിപ്പിക്കുവാനാണു് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതെങ്കിൽ അവ ഇപ്പോൾ നിലവിലുള്ള കോളനികളെപോലെ ആയിരിക്കരുതു്. ഇപ്പോൾ നിലനിലുള്ള കോളനികളിൽ അധഃകൃതർ അവർ അവിടെ താമസക്കാരാണെന്നു പറയുകയല്ലാതെ സ്ഥലം അവരുടെ സ്വന്തമായിതീർന്നിട്ടില്ല. തൽനിമിത്തം വാസ്തവത്തിൽ വിരുന്നുകാരെപോലെയാണു് അവർ അവിടെ കഴിഞ്ഞുകൂടുന്നതു്. ആ സ്ഥലം നന്നാക്കിവെച്ചും കൃഷിചെയ്തും അഭിവൃദ്ധിപ്പെടുന്നതിനുള്ള ഉത്സാഹം അവക്കുണ്ടാകത്തക്ക പ്രോത്സാഹജനകമായ ഒരു പദ്ധതി ഗവൺമെണ്ടു് ഇനിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ടു് ഇപ്പോഴുള്ള കോളനികളിലെ സ്ഥലം അവിടെ താമസിക്കുന്നവർക്കു് സ്വന്തമായി പതിച്ചുകൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. അങ്ങിനെ ഇപ്പോൾ സ്വന്തമായി സ്ഥലം കൊടുത്തുപോയാൽ അവരുടെ ദാരിദ്ര്യം നിമിത്തം ആ സ്ഥലം അവർ അന്യാധീനപ്പെടുത്തിക്കളയുമോ എന്ന ഭയം ഗവൺമെണ്ടിനുണ്ടായിരിക്കാം. ന്യായമായ ഒരു സംശയമാണതു്. അന്യാധീനപ്പെടുത്താൻ പാടില്ലാത്തവിധം അവക്കു സ്ഥലം കൊടുക്കുവാൻ സാധിക്കുമോ എന്നു നോക്കി ഗവൺമെണ്ടു് അങ്ങിനെ ചെയ്യണം. അങ്ങനെ ഒരു വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

വെക്കാൻ നിയമം അനുവദിക്കുമോ എന്ന എനിക്കു നിശ്ചയമില്ല. അതു് ഗവമ്മെണ്ടു നോക്കണം. വീടുണ്ടാക്കികൊടുക്കുകയും അതിന്റെ കെട്ടിമേച്ചിൽപോലും ഗവമ്മെണ്ടു ചെയ്യുകയും ചെയ്യുന്ന സമ്പ്രദായംകൊണ്ടു് അവരുടെ സ്വാശ്രയശക്തി നശിച്ചുപോകുന്നു എന്നു പറയുന്നതു് ശരിയാണു്. ഈ വീടുകൾ തങ്ങളുടെ സ്വന്തമല്ല തങ്ങൾ അവിടെ താമസിപ്പിക്കുന്നിടത്തോളം കാലം മാത്രമേ താമസിക്കാൻ സാധിക്കൂ എന്ന ഒരു നിലയുള്ളതുകൊണ്ടു് അവിടെ കൃഷിചെയ്യാവുന്ന സ്ഥലത്തു വല്ലതും കൃഷിചെയ്യാനൊ വീടു നന്നാക്കിവെക്കുന്നതിനോ ഉള്ള ഉത്സാഹം അവർക്കു ഇല്ലാതായി പോകുന്നു. അതിനാൽ എങ്ങിനെയെങ്കിലും അവർ താമസിക്കുന്ന സ്ഥലം അവർക്കു സ്വന്തമായി കൊടുക്കേണ്ടതു് ആവശ്യമാണു്. അവരുടെ കയ്യിൽ നിന്നു സ്ഥലം അന്യാധീനപ്പെട്ടുപോകുമെന്നു സംശയമുണ്ടെങ്കിൽ വളരെ നിസ്സാരമായ ഒരു തുകക്കു പാട്ടത്തിന്നായാലും വേണ്ടതില്ല, അവർക്കു വിട്ടുകൊടുത്തു സ്ഥലം അവരുടെ സ്വന്തമാണെന്നുള്ള ഒരു നിലയിലാക്കിതീർക്കുവാനുള്ള ഒരു ഏർപ്പാടു ഗവമ്മെണ്ടു ചെയ്യണം. കോളനിക്കുവേണ്ടി സ്ഥലമെടുക്കുമ്പോൾ അവിടെ താമസിക്കുന്നവരെ പുരപൊളിച്ചു പറഞ്ഞയക്കേണ്ട ഒരു വിഷമം ഗവമ്മെണ്ടിന്നു ഇനി നേരിടേണ്ടിവരും. ആളുകൾ താമസമില്ലാത്ത വല്ല കുന്നിൻ മുകളിലോ ചരിവുകളിലോ ആണു് ഇന്നുള്ള അവരുടെ പല കോളനികളും സ്ഥാപിച്ചിരിക്കുന്നതു്. അങ്ങനെയുള്ള വിജനപ്രദേശങ്ങളിൽ കോളനികൾ സ്ഥാപിച്ചതുകൊണ്ടു വലിയ പ്രയോജനമില്ല. കൊച്ചി കണയന്നൂർ താലൂക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അങ്ങനെ വിജനമായിട്ടുള്ള സ്ഥലം കിട്ടുകയുമില്ല. അവിടെ കോളനിക്കു് സ്ഥലമെടുക്കുകയാണെങ്കിൽ അനവധി ആളുകളെ കുടിഒഴിപ്പിക്കേണ്ടിവരും. അതിനു ഒരു നിർദ്ദേശം എനിക്കു ഗവമ്മെണ്ടിനു തരുവാനുണ്ടു്. സ്ഥലമെടുക്കുന്നതിനു ഗവമ്മെണ്ടിനു ചിലവാകുന്ന സംഖ്യ കുറേശ്ശെയായി ദീർഘകാലം കൊണ്ടു അടച്ചുതീർക്കത്തക്ക വിധത്തിലുള്ള ഒരു പദ്ധതി ഗവമ്മെണ്ടു സ്വീകരിച്ചു് അധഃകൃതർ ഓരോത്തരും ഇപ്പോൾ താമസിക്കുന്നതായ സ്ഥലം അകപയർചെയ്തു് അവർക്കു കൊടുക്കുന്നതായാൽ ഗവമ്മെണ്ടിനു നഷ്ടമുണ്ടാകയില്ല. അവർക്കു് ആരേയും കുടിഒഴിപ്പിക്കേണ്ടിവരികയും ഇല്ല. സ്വന്തമായി കുടിപാർപ്പിനുള്ള സ്ഥലം അവർക്കു ലഭിക്കുകയും അവരുടെ പാരതന്ത്ര്യം കുറെമൊക്കെ ഇല്ലാതാകുകയുംചെയ്യും. കുടികിടപ്പുകാരെ സംബന്ധിച്ചു് വിളംബരമുണ്ടായതുകൊണ്ടുമാത്രം കായ്മുമായില്ല. ഈ വിളംബരം നിലവിൽ നില്ക്കുമ്പോഴും പല വിധത്തിൽ കുടികിടപ്പുകാരെ ഒഴിപ്പിക്കുവാൻ ജന്മികൾക്കു മുതലാളിക്കും സാധിക്കും. ഒരു വീടു് ഉണ്ടായിരുന്നുവൊ എന്നുകൂടി അറിയാൻ സാധിക്കാത്തവിധത്തിൽ വീടു പൊളിച്ചുകളഞ്ഞു സ്ഥലം ശരിയാക്കിയിരിക്കുന്നു എന്നുള്ള ആക്ഷേപം നാം ഇവിടെ ഈ നിയമസഭയിൽ ഇന്നു കേട്ടതാണു്. പോലീസു് അന്വേഷിക്കാൻ ചെന്നാൽ അയൽപക്കത്തു താമസിക്കുന്നവരുംകൂടി അവിടെ വീടുണ്ടായിരുന്നുവെന്നോ അതു ബലമായി പൊളിച്ചുകളഞ്ഞതാണെന്നോ ജന്മിയേയോ മുതലാളിയേയൊ പേടിച്ചു പറയാൻ ധൈര്യപ്പെട്ടുവെന്നു വരികയില്ല. ആ മാതിരി പരിതഃസ്ഥിതികളിൽ ഗവമ്മെണ്ടിനു സങ്കടക്കാരനെ ഒരു വിധത്തിലും സഹായിക്കാൻ സാധിക്കാത്ത നിസ്സാഹായാവസ്ഥയിൽ പെടുകയേ തരമുള്ളു. സാക്ഷിയില്ലാതെ, തെളിവില്ലാതെ ഗവമ്മെണ്ടിനു നടപടിയെടുക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടു് അധഃകൃതരെ സംബന്ധിച്ചു മാത്രമല്ല പാവപ്പെട്ട മറ്റു കുടികിടപ്പുകാരെ സംബന്ധിച്ചും കുറെക്കാലം കൊണ്ടു് അവർ താമസിക്കുന്ന സ്ഥലം അവരുടെ സ്വന്തമായി തീരത്തക്കവിധത്തിൽ ഒരു ദീർഘകാല പദ്ധതി ഗവമ്മെണ്ടു തയ്യാറാക്കി നടപ്പാക്കേണ്ടതു ഒരു അടിയന്തിര കാര്യമായി തീർന്നിട്ടുണ്ടു്. അധഃകൃതരെ സംബന്ധിച്ചു ഈ പദ്ധതി ഉടനെ നടപ്പാക്കാവുന്നതാണു്. കുടികിടപ്പുകാരെ ബലമായി നിർഗ്ഗയം ഇറക്കിവിടുന്ന ജന്മിമാരുടേയും മുതലാളിമാരുടേയും സ്ഥലത്തുകിടക്കുന്ന കുടിയാന്മാർക്കു മുൻഗണന കൊടുത്തു, ഗവമ്മെണ്ടു ഈ പദ്ധതി ആദ്യം നടപ്പാക്കിയാൽ കുടിയിറക്കി വിടുന്ന സമ്പ്രദായംതന്നെ മിക്കവാറും ഇല്ലാതാക്കാൻ സാധിക്കുമെന്നതന്നെ എനിക്കു തോന്നിപ്പോകുന്നു. അതുകൊണ്ടു അധഃകൃതർക്കു കോളനികൾ ഉണ്ടാക്കാൻ ശ്രമിക്കുന്നതിനേക്കാൾ അവർ ഇപ്പോൾ താമസിക്കുന്ന സ്ഥലം തന്നെ അവർക്കു് അകപയർ ചെയ്തുകൊടുക്കണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. അങ്ങിനെ കൊടുക്കുന്ന സ്ഥലം അന്യാധീനപ്പെടുത്തുവാൻ പാടില്ലെന്നു ഒരു വ്യവസ്ഥയുണ്ടാക്കുന്നതു നന്നായിരിക്കും. ഇങ്ങനെയുള്ള ഒരു നടപടി ഗവമ്മെണ്ടു് സ്വീകരിക്കയാണെങ്കിൽ കുടികിടപ്പുകാരെ ഉപദ്രവിക്കാതിരിക്കുന്നതിനും കുടിയൊഴിപ്പിക്കാതിരിക്കുന്നതിനും മുതലാളിമാർക്കു ഇതു ഒരു വലിയ പാഠവുമായിരിക്കും. നാം അവരെ ഉപദ്രവിച്ചാൽ നമ്മു

LIBRARY ARCHIVES Kerala Legislative Assembly

ടെ സ്ഥലം ഗവണ്മെണ്ടിൽനിന്നു എടുത്തു അവക്കു കൊടുക്കും. അങ്ങിനെ ഇന്നു നമുക്കു അവരുടെ മേലുള്ള സ്വാധീനശക്തിയോടപ്പം സ്വന്തം സ്ഥലവും കയ്യിൽനിന്നുപോകും എന്ന ഒരു ബോധം മുതലാളന്മാക്കും ജന്മികൾക്കും ഉണ്ടാകുന്നതും കുടികിടപ്പുകാരെ ആരും മേലാൽ ഉപദ്രവിക്കാതിരിപ്പാൻ അതൊരു താക്കീതായി തീരുകയും ചെയ്യും. അതുകൊണ്ടു് കുടിപ്പുകാരെ സംബന്ധിച്ചു ഇങ്ങിനെയുള്ള ഒരു പഖ്യാതി ഗവണ്മെണ്ടുണ്ടാക്കണമെന്നുംകൂടി നിർദ്ദേശിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി അവർകൾ അധഃകൃതോദ്ധാരണത്തിനുവേണ്ടി ചെയ്യുന്ന പ്രധാന സംഗതികളെ എടുത്തുകാണിച്ചുകൊണ്ടു് കഴിഞ്ഞ കൊല്ലത്തേക്കാൾ നാം വളരെ മുന്നോട്ടു പോയിട്ടുണ്ടു്, കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതൽ സംഖ്യ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു് എന്നു പറഞ്ഞു. വാസ്തവമാണതു്. അധഃകൃതരുടെ സങ്കടങ്ങൾ നല്ലപോലെ കണ്ടും ആലോചിച്ചും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ള ഒരു ബഹുമാനപ്പെട്ട മന്ത്രിയുടെ ഭരണത്തിലിരിക്കുന്ന ഈ ഡിപ്പാർട്ടുമെണ്ടു തീച്ചയായിട്ടും പുരോഗമിക്കും എന്നും അതിന്റെ പ്രവർത്തനങ്ങൾ വളരെ ഫലവത്തായിരിക്കുമെന്നും വിശ്വസിക്കുന്ന ഒരാളാണു് ഞാൻ. അതോടുകൂടി തന്നെ ഇപ്പോൾ അവരുടെ സമുദായങ്ങളിൽനിന്നു നിയമിക്കപ്പെട്ടിട്ടുള്ള ആളുകൾ, എന്റെ നിയമസഭയുമായുള്ള പരിചയംവെച്ചു നോക്കുമ്പോൾ, മുൻകാലങ്ങളിൽ മഹാന്മാരായ ആളുകളുണ്ടായിരുന്നു, അവരുടെ കാര്യം തികച്ചും പറഞ്ഞിരുന്നു, അതിനേക്കാളും ഇപ്പോഴുള്ള ആളുകളുടെ യുക്തിയുക്തമായ, സുശക്തമായ ഈ നിവേദനം നടക്കുന്നിടത്തോളം കാലം തീച്ചയായും അവരുടെ കാര്യത്തിനു യാതൊരു കോട്ടവും തട്ടുകയില്ല എന്നും വിശ്വസിക്കാം. പക്ഷെ ഒരു സംഗതി ഈ ബഡ്ജറ്റു പുസ്തകം എടുത്തു നിവർത്തി നോക്കുമ്പോൾ പറയാതെ കഴിയുകയില്ല. ബഡ്ജറ്റു പുസ്തകത്തിലെ ഫവ്വ ൦, ഫവ്വ ഫ-ാം പേജിലും ഫവ്വ ഫ-ാംപേജിന്റെ ഏതാനും ഭാഗങ്ങളിലുമാണു് ഈ ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി പറയുന്നതു്. ഇതിലെ ചില ഭാഗങ്ങളെപ്പറ്റി മന്ത്രി അവർകൾ പറയുകയുണ്ടായി, ചില സംഖ്യകളെ എടുത്തു കാണിച്ചുകൊണ്ടു് അദ്ദേഹം പറയുകയുണ്ടായി, ഫ ഫ ഫ-ൽ അവരുടെ വിദ്യാഭ്യാസത്തിനു കൊള്ളിച്ചിരുന്നതിനേക്കാൾ കൂടുതൽ സംഖ്യ കൊള്ളിച്ചിട്ടുണ്ടു് എന്നു്. അവരുടെ ഉദ്ധാരണത്തിനു, അവരുടെ വിദ്യാദാഹം തീർക്കുന്നതിനു വേണ്ടുന്നതൊക്കെ ചെയ്യുന്നതു് വളരെ നല്ലതാണു്. ആ ദാഹം തീർത്തുകൊടുക്കുവാൻ അതായതു കാലത്തെ ഗവണ്മെണ്ടു മുതിരുന്നതും വളരെ നല്ലതാണു്. അതിനേക്കാൾ വലുതായ ഒരു ദാഹം അവർക്കുണ്ടു്. അതായതു വേനൽകാലത്തു് വെള്ളം കുടിക്കുവാനുള്ള ഒരു ദാഹമുണ്ടു്. അതു തീർത്തു കൊടുക്കുകയാണു് ആദ്യം വേണ്ടതു്.

റാവു സാഹിബു് കെ. അയ്യപ്പൻ: എവിടെയാണു്?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കോളനിയിൽ ഞാൻ കണ്ടിട്ടുള്ള അനുഭവംവെച്ചു പറയുകയാണു്. മറ്റൊരു ധനാഭ്യർത്ഥന വന്ന സമയത്തു ഈ ഡിപ്പാർട്ടുമെണ്ടിൽ ഒരു ഉൻസ്പെക്ടരെ കൂടി കൂടുതൽ വെക്കുവാനും ആ ഇൻസ്പെക്ടർവഴിക്കു് കുറെ കാലത്തേക്കു കോളനികളിൽ വെള്ളം കിട്ടാവുന്ന കിണറുകൾ കുത്തിച്ചു കൊടുക്കുവാനും ഇപ്പോൾകുത്തിച്ചിട്ടുള്ള കിണറുകളിൽ വെള്ളമുണ്ടാക്കി കൊടുക്കുവാനുമുള്ള ജോലി കൊടുക്കണമെന്നു് ഞാൻ പറയുകയുണ്ടായി. ആ ദാഹം കൂടി ഗവണ്മെണ്ടു തീർത്തുകൊടുക്കണം. ഇപ്പോൾ വേനൽക്കാലങ്ങളിൽ വെള്ളം കിട്ടാതെ അവർ വളരെ സങ്കടപ്പെടുന്നുണ്ടു്.

പിന്നെ ഒരു സംഗതിയുള്ളതു്, ഫ ഫ ഫ-ലെ കണക്കു പ്രകാരം ഒട്ടാകെ ഫ,൦൦൦൦൦ കു.യാണു് ചിലവായിട്ടുള്ളതു് എന്നാണു്. വരുന്ന കൊല്ലത്തേക്കു ഫ, ൦൩,൦൦൦ കു.യാണു് കൊള്ളിച്ചിട്ടുള്ളതു്. ഇക്കൊല്ലത്തിൽ ബഡ്ജറ്റു് തയ്യാറാക്കിയപ്പോൾ ഫ,൩൫,൫൦൦ കൊള്ളിച്ചിരുന്നതു് Revised estimate-ൽ സാധാരണ പതിവിൻപടി അതു ഫ,൩൦,൫൦൦ കു.യായിട്ടുണ്ടു്. അതു സാധാരണ പതിവിൻപടി തന്നെ ഫ ഫ ഫ-ലെ ശരിക്കുള്ള കണക്കു വരുമ്പോൾ ൩൦ അയിരത്തിൽ നിന്നും ൩൫ അയിരത്തിൽനിന്നും താഴുകയില്ലെന്നും ഞാൻ ശങ്കിക്കുന്നു. തീർച്ചയായിട്ടും വളരെ കാലംമുമ്പുമുതല്ക്കുതന്നെ അധഃകൃതോദ്ധാരണത്തിനു പ്രയത്നിച്ചിട്ടുള്ള അന്നത്തെ ഗവണ്മെണ്ടിനേക്കാൾ ഒരു വ്യത്യസ്തഗവണ്മെണ്ടു വന്നിരിക്കുന്ന ഈ കാലത്തു് അതിനേക്കാൾകൂടുതൽ ചെയ്തിട്ടുണ്ടെന്നു സമ്മതിക്കാം. ഇതിൽ ഫ വ ൦-ാം പേജിൽ എ., ബി., സി. എന്ന മൂന്നു Item കാണിച്ചിട്ടുണ്ടു്. അതിൽ General (Economic and Social) എന്ന ഇനത്തിൽ ഫ ഫ ഫ-ലെ കണക്കു പ്രകാരം ൩൭,൩൩൫ കു,

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

ഉള്ളിടത്തു് ഈ പ്രാവശ്യം വ൩, വ൨ ൭ ക. യും Non-votable ആയിട്ടു് ൨, ൦൩൩ ക. യും കൂടി വ൩, ൦ ൦ ൦-ൽ അധികം ഉറപ്പിക ചിലവാക്കുന്നുണ്ടു്. ഇതിനു General (Economic and Social) എന്നു പേരു കൊടുത്തിരിക്കുന്നതു് misleading ആണു്. അവരുടെ സാമ്പത്തികസ്ഥിതി നന്നാക്കുന്നതിനു വ൨, ൩൩ക. യാണു് നീക്കിവെച്ചിരിക്കുന്നതു്. അതിൽ വാസ്തവത്തിൽ ഒരു Protector, Head clerk, Uplift Inspectors, Typist clerk, പിന്നെ വേറെ ഒരു ക്ലാർക്കു് ഇങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരുടെ സാമ്പത്തികനിലയാണു നന്നാക്കുന്നതു്. ഇവരുടെ സാമ്പത്തികസ്ഥിതി നന്നാക്കുന്നതിനു വ൨,൩൩ ക. യിൽ ഉദ്യോഗസ്ഥന്മാർക്കു കൊടുത്തതു കഴിച്ചു ബാക്കിയുള്ള സംഖ്യ ചിലവാക്കുന്നതാണു്. ഇത്രയും സംഖ്യ ചിലവാക്കുന്നതിനു ഇത്രവളരെ ഉദ്യോഗസ്ഥന്മാരെ പുലർത്തുവാൻ ആവശ്യമുണ്ടോ എന്നുള്ളതു് സഭ തീരുമാനിക്കേണ്ട ഒരു സംഗതിയാണു്. അവർ ചെയ്യേണ്ട പ്രവൃത്തി B. Educational Supplies and Services എന്ന ഇനത്തിൽ പറഞ്ഞിട്ടുള്ളതാണു്. അതിൽ Special secondary stipends-നു് 12,500 ക., Collegiate Education-നു് 14,788 ക., Special Industrial stipends-നു് 2,000 ക., Supply of School requisites 36,000 ക., Supply of cloths 21,500 ക., Feeding 5,780 ക., Night Schools for Adults 600 ക., Maintenance of D. C. Hostels 24,164 ക. ഇങ്ങിനെ 1,17,332 ക. ഒരുതരത്തിൽ അല്ലെങ്കിൽ മറെറാരുതരത്തിൽ അധഃകൃതവിദ്യാർത്ഥികൾക്കു കിട്ടുന്നുണ്ടെന്നു സമ്മതിക്കാം. ഇത്രയും സംഖ്യ ചിലവാക്കുന്നതിനു ഇത്ര അധികം ഉദ്യോഗസ്ഥന്മാർ ആവശ്യമില്ല.

പിന്നെ കോളനൈസേഷനെപ്പററി പറയുകയാണെങ്കിൽ, കോളനികൊണ്ടു ഗുണവുമുണ്ടു്, ദോഷവുമുണ്ടു്. അവരെയെല്ലാവരേയും അഞ്ചോ ആറോ ഏക്കർ സ്ഥലമെടുത്തു് മതിൽ കെട്ടി താമസിപ്പിക്കുന്നതിനേക്കാൾ നല്ലതു് നിവൃത്തിയുള്ളിടത്തോളം മറവുള്ളവരുടെ അടുത്തു താമസിപ്പിക്കുന്നതിനു സൌകര്യംചെയ്തുകൊടുക്കുകയാണു്. അങ്ങിനെ ചെയ്യാൽ അവരും മറവുള്ളവരെപ്പോലെയായിത്തീരുവാൻ എളുപ്പമുണ്ടു്. കോളനൈസേഷനു ഗുണത്തോടൊപ്പംതന്നെ ദോഷവുമുണ്ടു്. മറേറതിനും ഗുണവശമാണു് അധികമുള്ളതെന്നു ആലോചിച്ചുനോക്കിയാൽ അറിയാം. ചില ദിക്കിൽ കാണുന്ന അനുഭവംവെച്ചാണു് ഞാനിതു പറയുന്നതു്. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു.

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: സർ, കോളനൈസേഷനെ ഗവൺമെണ്ടു എതിർക്കുന്നില്ല. അതിനുള്ള അപേക്ഷ ഗവൺമെണ്ടു ഇപ്പോഴും സ്വീകരിക്കുന്നുണ്ടു്. പുതിയതായി ഒരു കോളനിയും തുടങ്ങിയിട്ടില്ല എന്നു പറയുന്നതു്, പഴയമാതിരി സ്ഥലമെടുത്തു് വീടുകൾ ഗവൺമെണ്ടിൽനിന്നുതന്നെ പണിയിച്ചുകൊടുക്കുന്ന സമ്പ്രദായത്തെ ഉദ്ദേശിച്ചാണു് പറയുന്നതെങ്കിൽ അതു ശരിയാണു്. നേരെമറിച്ചു് ഹൌസു് സൈറ്റ്സിനുള്ള സ്ഥലം മാത്രം ആവശ്യപ്പെടുന്നവർക്കു് കോളനിവെച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചാണെങ്കിൽ അതു ഇപ്പോഴും കൊടുക്കുന്നുണ്ടു്. അതു നടപ്പിൽവരുത്തുന്നതിനു പുതിയതായി സ്ഥലം അക്വയർചെയ്യുന്നതിനുവേണ്ടിയുള്ള പല അന്വേഷണങ്ങളും നടത്തുന്നുണ്ടു്. അവർ ആവശ്യപ്പെട്ടിട്ടുള്ള സ്ഥലത്തിനുവല്ല ആക്ഷേപങ്ങളും വന്നാൽ ആ ആക്ഷേപങ്ങൾ കാര്യമായിട്ടുള്ളതാണെങ്കിൽ അവർക്കു പറഞ്ഞിയതായ വേറെ സ്ഥലം എടുത്തു കൊടുക്കുന്നതിനുള്ള നടപടികളും നടത്തുന്നുണ്ടു്. കഴിയുന്നിടത്തോളം ഗവൺമെണ്ടു ഈ കാര്യത്തിൽ വേണ്ടതു ചെയ്യുന്നുണ്ടു്. ഇതു് അധഃകൃതരെ മാത്രം ബാധിക്കുന്ന ഒന്നല്ല. ഈ രാജ്യത്തു അനേകം കുടികിടപ്പുകാരുണ്ടു്. അവർക്കെല്ലാം ഇതു ആവശ്യമായിട്ടാണിരിക്കുന്നതു്. അധഃകൃതരുടെ മാത്രമല്ല മറവുള്ള എല്ലാവരുടേയും ഈവക ദുരിതത്തിനു ഒരു പരിഹാരമുണ്ടാക്കുന്ന സംഗതി ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുന്നു. ഗവൺമെണ്ടു ചെയ്യുവാനിരിക്കുന്ന സംഗതികൾ നടപ്പിൽ വരുത്തുന്നതുവരെ ആളുകളെ കുടിയിറക്കരുതു് എന്നുള്ളതിനാണു് Proclamation ഉണ്ടായിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: പക്ഷെ അതു ഏട്ടിലേയുള്ളു.

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഏട്ടിൽമാത്രമല്ല, അതു കാര്യത്തിലും വരും.

പിന്നെ ബഹുമാനപ്പെട്ട ഡപ്യൂട്ടി പ്രസിഡണ്ടു് ഒരു സംഗതി പറഞ്ഞു. അദ്ദേഹം പറഞ്ഞ കാര്യം, അതായതു ഈ കോളനി സ്ഥലങ്ങൾ അവിടെ പാർക്കുന്ന അധഃകൃതരുടെ വകയാക്കിത്തീർക്കുന്നകാര്യം ഗവൺമെണ്ടു് ആലോചിക്കാം. അതിനു ഇപ്പോൾ ഇതിൽകവിഞ്ഞ മറുപടി പറയുവാൻ സാധ്യമല്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം ഗവൺമെണ്ടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്റെ ആലോചനക്കെടുക്കുന്നതായിരിക്കും. അവക്ക് സ്ഥലം പതിച്ചുകൊടുക്കണമൊ, അവക്ക് സ്വന്തമായി സ്ഥലം കൊടുത്താൽ അതു അന്യാധീനപ്പെട്ടുപോകാതിരിപ്പാൻ എന്തു വ്യവസ്ഥകളാണൊ വേണ്ടതു്, അന്യാധീനപ്പെടുത്തുന്നതിനും അവക്ക്ധികാരം കൊടുക്കണമൊ എന്നതുടങ്ങിയുള്ള കാര്യങ്ങളെപ്പറ്റിയൊക്കെ ആലോചിക്കേണ്ടതുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: അവർ താമസിക്കുന്ന സ്ഥലം അവക്കെടുത്തു കൊടുക്കുന്നതിനെപ്പറ്റി എന്താണു പറയുന്നതു്?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അതു് ഒരു വലിയ പ്രശ്നമാണു്. അവർ താമസിക്കുന്ന സ്ഥലങ്ങളം അവക്കുതന്നെ അകപയർചെയ്തുകൊടുക്കണമെന്ന കാര്യം വളരെവളരെ ആലോചിക്കണമെന്നേ എനിക്കു പറയുവാനുള്ളു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: റോഡു വളവു തീക്കുനമാതിരിയുള്ള ബുദ്ധിമുട്ടുണ്ടൊ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: വളരെ ബുദ്ധിമുട്ടുണ്ടു്. വൈപ്പിൻകരയിൽ ഒരു അമ്പലത്തിനു ഒരു സ്ഥലം ഗവമ്മെണ്ടിൽനിന്നു അകപയർചെയ്തു കൊടുക്കണമെന്നു് അധഃകൃതസംഘടനകാം ആവശ്യപ്പെട്ടിട്ടുണ്ടു്. അതിനു വലിയൊരു സംഖ്യവരും. അപ്പോാം അധഃകൃതർ താമസിക്കുന്ന സ്ഥലങ്ങളെല്ലാം അവക്കു് അകപയർചെയ്തു കൊടുക്കുന്ന പദ്ധതി എത്ര ബുദ്ധിമുട്ടുകളുണ്ടാക്കുന്ന ഒരു പദ്ധതിയായിരിക്കും. പറമ്പു് ഇല്ലാത്തവക്ക് പറമ്പു ഉണ്ടാക്കി കൊടുക്കണമൊ അതൊ ആക്കുക സ്വന്തം പറമ്പു ഇല്ലാതാക്കണമൊ എന്ന പ്രശ്നം അതിൽ ഉൾപ്പെടും. അതൊന്നും ആലോചിക്കാതെ തല്ക്കാലസ്ഥിതിയിൽ, ഇപ്പോഴത്തെ സമുദായക്രമത്തിൽ അധഃകൃതക്കുവേണ്ടി ചെയ്യാവുന്ന കാര്യങ്ങളം ചെയ്യാനാണു് ഗവമ്മെണ്ടു് ആഗ്രഹിക്കുന്നതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, സമയമില്ലാത്തതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തെക്കുറിച്ചു ഒരു റിമാർക്സ് പാസ്സാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ദ്രപാ പാസ്സാക്കി തന്നാൽ മതി.

മിസ്റ്റർ കെ. കെ. കണ്ണൻ: ഏതായാലും ഈ കാര്യത്തെ സംബന്ധിച്ചു വളരെ അടിയന്തിരമായ ഒരു തീരുമാനമുണ്ടാക്കണമെന്ന മാത്രമാണു് എനിക്കു ഗവമ്മെണ്ടിനെ ധരിപ്പിക്കുവാനുള്ളതു്. കടിക്കിടപ്പുകാരുടെ പ്രശ്നം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണു്. അതിൽ അധഃകൃതക്കാണു് ഏറ്റവും അധികം വിഷമങ്ങളം അനുഭവപ്പെടുന്നതു എന്നുള്ള സംഗതി പ്രത്യേകം ചൂണ്ടിക്കാണിക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു് സഭയുടെ അനുവാദത്തോടുകൂടി ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion by leave, withdrawn

4. Point of order

Mr. President: The time for consideration fo the budget has expired.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Sir, I rise on a point of order. I take exception to the proposition that the time for considering the budget has expired. I only draw your kind attention to Cochin Legislative Council Rules 55 (1) and (2), 55 (1) reading "not more than seven days shall be allotted by the Diwan for the discussion of the demands of the Government for grants" that has been done; then (2) "of the days so allotted not more than one day shall be allotted by the Diwan to the discussion of any one demand"—that is not material here; th second sentence Sir, I stress " as soon as *the maximum limit of time for discussion is reached* the President shall forthwith put every question necessary to dispose of the demand under discussion." The Hon'ble President seems to be proposing to work out this second sentence when it was said that the time for discussion of the demand is over. I submit Sir, that very cautious words have been used in the second sentence. A day according to the rules and the practice here amounts to 3½ hours make up of one hour after question hour and 2½ hours in the afternoon. You have also been pleased Sir, to interpret a day as 3½ hours. The time between 3-30 and 5 was taken up for another discussion and the demad that was under discussion then was taken up afterwards and this 1½ hours were then compensated in the computation of one day set apart for anyone demand. With that background, I submit, Sir, and with the cautiously used words "as soon as the maximum *limit of time* for discussion", that we have got the right to have the 1½ hours taken up the other day compensated by allowing us to discuss demands for another 1½ hours on important subjects that follow. This is the point of order that I place before the Chair for its decision. And the importance is that out of the 52 demands distributed over 7 days, I think we are on the 7th or 8th.